## അഞ്ച് വർഷം, 87 കോടിയുടെ നഷ്ടം

# കെഎസ്ആർടിസി ടെർമിനൽ വീണ്ടും നിയമക്കുരുക്കിലേക്ക്

**കോഴിക്കോട്:** കോഴിക്കോട്ടെ കെഎസ്ആർടിസി ടെർമിനൽ കൂടുതൽ നിയമകുരുക്കിലേക്ക്. പുനർലേലം ചെയ്യാനുള്ള നടപടികളുമായി കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫൈനാൻസ് കോർപറേഷൻ മുന്നോട്ടുപോയാൽ,ബസ് ടെർമിനൽ വീണ്ടും നിയമക്കുരുക്കിലേക്ക് നീങ്ങും. ബസ് ടെർമിനലിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് അലിഫ് ബിൽഡേഴ്സും കെടിഡിഎഫ്സിയും സർക്കാറുമായി വർഷങ്ങളായി വലിയ നിയമ തർക്കങ്ങൾ നിലനിൽക്കുന്നുണ്ട്.

തുടർന്നുള്ള ഏത് നടപടിയും നിയമ നടപടിയിലേക്ക് നയിക്കും.പ്രതിമാസം 43 ലക്ഷം രൂപയുടെ വാടകക്കാണ് അലിഫ് ബിൽഡേഴ്സ് കരാറിൽ ഒപ്പു വെച്ചത്. കൂടാതെ തിരിച്ചുനൽകേണ്ട എന്ന വ്യവസ്ഥയിൽ 17 കോടിയുടെ നിക്ഷേപവും അലിഫ് ബിൽഡേഴ്സിനുണ്ട്. കെട്ടിടത്തിന്റെ ബലക്ഷയം പരിഹരിച്ച ശേഷം പുനർലേലം നടത്താനാണ് കെടിഡിഎഫ്സിയുടെ ആലോചന. അതുവഴി ലഭിക്കുന്ന വാടകയാണ് ലക്ഷ്യമിടുന്നത്.75 കോടിയോളം മുടക്കി നിർമിച്ച കെഎസ്ആർടിസി ടെർമിനലിൽ നിന്ന് സർക്കാറിന് ഇതുവരെ ലാഭമൊന്നും ലഭിച്ചിട്ടില്ല.

നിലവിൽ അഞ്ചുവർഷംകൊണ്ട് 87 കോടി യുടെ നഷ്ടമാണ് കെഎസ്ആർടിസി ബസ് ടെർമിനൽ സർക്കാറിന് വരുത്തിവെച്ചത്. വീണ്ടും ലേലം ചെയ്യാനുള്ള നീക്കം നിയമക്കുരുക്കിൽപെട്ടാൽ സാമ്പത്തിക ബാധ്യത വർധിക്കാനാണ് സാധ്യതയും. കെട്ടിടത്തിന് ബലക്ഷയമുണ്ടെന്നും ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തിതന്നിട്ടില്ലെന്നും ചൂണ്ടിക്കാട്ടി അലിഫ് ബിൽഡേഴ്സ് വാടക നൽകുന്നത് നിർത്തിവെക്കുകയും വിഷയം കോടതിയുടെ പരിഗണനയിലാവുകയും ചെയ്തിരുന്നു.

കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ ഉടമകളായ കെടിഡിഎഫ്സി തന്നെ തീർക്കണമെന്നും അലിഫ് ബിൽഡേഴ്സിൽ നിന്ന് വാടക കുടിശിക ഈടാക്കണമെന്നുമാണ് അടുത്തിടെ ഹൈകോടതി വിധിച്ചത്. വാടക നൽകാതിരുന്നാൽ കരാർ വ്യവസ്ഥ പ്രകാരം അവർക്കെതിരെ നടപടിയെടുക്കാം എന്നും വിധിയുണ്ട്.



പെരുമണ്ണ വൈറ്റ് ഇന്റർനാഷണൽ സ്കൂളിൽ നടന്ന പ്രഥമ സഹോദയ സ്കേറ്റിംഗ് ചാമ്പ്യൻഷിപ്പിൽ ജേതാക്കളായ കോഴിക്കോട് സിൽവർ ഹിൽസ് പബ്ലിക് സ്കൂൾ ടീം.

## താമരശേരി താലൂക്ക് ആശുപത്രിയിൽ രാത്രിയിൽ മരുന്ന് ലഭ്യമല്ലാത്തത് പ്രതിസന്ധി

**താമരശേരി:** താമരശേരി താലൂക്ക് ആശുപത്രിയിൽ 24 മണിക്കൂറും ഫാർമസി പ്രവർത്തിക്കണമെന്ന ആവശ്യം ശക്തമാകുന്നു. സാധാരണക്കാരും നിർധനരുമായ നിരവധി രോഗികളുടെ ആശ്രയമായ ഈ ആശുപത്രിയിൽ രാത്രികാലങ്ങളിൽ ചികിത്സ തേടിയെത്തുന്നവർ മരുന്ന് ലഭ്യമല്ലാതെ പ്രയാസപ്പെടുകയാണ്.

നിലവിൽ രാത്രി ഏഴുവരെയാണ് ആശുപത്രിയിലെ ഫാർമസി പ്രവർത്തിക്കുന്നത്. അതിനുശേഷം ആശുപത്രിയിലെത്തുന്ന രോഗികൾക്ക് ഡോക്ടറുടെ പരിശോധനയും കുറിപ്പടിയും ലഭിക്കുമെങ്കിലും മരുന്ന് ലഭിക്കണമെങ്കിൽ പുറത്തുള്ള ഫാർമസികളെ ആശ്രയിക്കേണ്ടിവരുന്നു. ഇത് അധിക ചെലവാണ് സൃഷ്ടിക്കുന്നത്. പലപ്പോഴും രാത്രികാലങ്ങളിൽ സമീപത്തെ മെഡിക്കൽ ഷോപ്പുകൾ അടഞ്ഞുകിടക്കുന്നതിനാൽ മരുന്ന് ലഭിക്കാതെ രോഗികളും കൂട്ടിരിപ്പുകാരും നിസഹായരാകുന്നു. അതുകൊണ്ട് താമരശേരി താലൂക്ക് ആശുപത്രിയിലെ ഫാർമസിയുടെ പ്രവർത്തനസമയം രാത്രി ഏഴു വരെയെന്ന നിലവിലെ ക്രമീകരണം മാറ്റി 24 മണിക്കൂറും മരുന്ന് ലഭ്യമാകുന്ന സംവിധാനം അടിയന്തരമായി ഒരുക്കണം. ആവശ്യമായ ഫാർമസിസ്റ്റുമാരെയും ജീവനക്കാരെയും നിയമിച്ച് മൂന്ന് ഷിഫ്റ്റുകളിലായി ഫാർമസി പ്രവർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം. രാത്രിയിൽ അസുഖവുമായി വരുന്ന രോഗികളെ കൂടുതൽ പ്രയാസത്തിലാക്കാതെ എത്രയും വേഗം ഇത് നടപ്പിലാക്കണമെന്നാണ് പ്രദേശവാസികൾ ആവശ്യപ്പെടുന്നത്.



പ്രവൃത്തിപരിചയമേളയിൽ ഹൈസ്കൂൾ ഹയർസെക്കൻഡറി വിഭാഗം ഓവറോൾ ചാമ്പ്യന്മാരായ കോഴിക്കോട് മെഡിക്കൽ കോളജ് കാമ്പസ് ഗവ.ഹയർസെക്കൻഡറി സ്കൂൾ.

## ജില്ലാശാസ്ത്രോത്സവത്തിന് സമാപനം: സിറ്റി ഉപജില്ല ജേതാക്കൾ

**വടകര:** മൂന്നു ദിവസങ്ങളിലായി വടകരയിൽ നടന്നുവന്ന ജില്ലാ ശാസ്ത്രോത്സവം സമാപിച്ചു. 1258 പോയിന്റുകൾ നേടി കോഴിക്കോട് സിറ്റി ഉപജില്ല ജേതാക്കളായി. 1,243 പോയിന്റുമായി മുക്കം സബ്ജില്ല രണ്ടാം സ്ഥാനവും 1,175 പോയിന്റ് നേടി തോടന്നൂർ ഉപജില്ല മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

414 പോയിന്റ് നേടിയ മേമുണ്ട ഹയർ സെക്കൻഡറി സ്കൂൾ ജില്ലയിലെ മികച്ച വിദ്യാലയമായി തെരഞ്ഞെടുക്കപ്പെട്ടു. 405 പോയിന്റ് നേടിയ സിൽവർ ഹിൽസ് എച്ച്എസ്എസിനാണ് രണ്ടാം സ്ഥാനം. സയൻസ് മേളയിൽ കോഴിക്കോട് സിറ്റി ഉപജില്ലയും ചേവായൂർ ഉപജില്ലയും ഒന്നും രണ്ടും സ്ഥാനങ്ങൾ നേടി.

ഗണിത മേളയിൽ കൊയിലാണ്ടി സിറ്റി, തോടന്നൂർ ഉപജില്ല കൾക്കാണ് ഒന്നും രണ്ടും സ്ഥാനം. പ്രവൃത്തി പരിചയ മേളയിൽ മുക്കം, കോഴിക്കോട് സിറ്റി ഉപജില്ലകൾ ഒന്നും രണ്ടും സ്ഥാനം നേടി. 100 പോയിന്റുമായി മെഡിക്കൽ കോളജ് കാമ്പസ് ഹയർ സെക്കന്ററി സ്കൂൾ മികച്ച വിദ്യാലയമായി. ഐടി മേളയിൽ 54 പോയന്റുമായി മുക്കം സബ് ജില്ല ജേതാക്കളായി. കോഴിക്കോട് റൂറൽ ജില്ലാക്കാണ് രണ്ടാം സ്ഥാനം. സിൽവർ ഹിൽസ് എച്ച്എസ്എസാണ് മികച്ച വിദ്യാലയമായി തെരഞ്ഞെടുക്കപ്പെട്ടു. സമാപന സമ്മേളനം കെ.കെ. രമ എംഎൽഎ ഉദ്ഘാടനം ചെയ്തു. നഗരസഭാ ചെയർമാൻ പി.കെ. ശശി അധ്യക്ഷത വഹിച്ചു.



കേരളോത്സവത്തിന്റെ ഭാഗമായി നടന്ന ഫുട്ബോൾ മത്സരത്തിൽ ജേതാക്കളായ എംവൈസി കക്കയത്തിന് പഞ്ചായത്ത് പ്രസിഡന്റ് സിനി ജിനോ ട്രോഫി നൽകുന്നു.

## കേരളോത്സവത്തിന് തുടക്കമായി

**കൂരാച്ചുണ്ട്:** പഞ്ചായത്തിൽ കേരളോത്സവത്തിന് ഫുട്ബോൾ മത്സരത്തോടെ തുടക്കമായി. കല്ലാനോട് ജൂബിലി സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ജനത കരിയാത്തുംപാറയെ പരാജയപ്പെടുത്തി എംവൈസി കക്കയം ജേതാക്കളായി. പഞ്ചായത്ത് പ്രസിഡന്റ് സിനി ജിനോ സമ്മാനങ്ങൾ വിതരണം ചെയ്തു. സന്ദീപ് കളപ്പുരയ്ക്കൽ, റാഹിൽ, ബിജിത്ത്, ജെംസിൽ, പഞ്ചായത്തംഗങ്ങളായ സണ്ണി ജോസഫ്, പ്രബീഷ് തളിയോത്ത് എന്നിവർ പ്രസംഗിച്ചു. യദുരാജ്, ബിബിൻ ബാബു, ക്രിസ്റ്റി പൗലോസ്, അക്ഷയ് അനീഷ് എന്നിവർ നേതൃത്വം നൽകി.

## ഡ്രൈനേജ് തകരാർ പരിഹരിക്കണമെന്ന്

**കോഴിക്കോട്:** കോർപറേഷന് കീഴിൽ മാത്തിൽമുക്ക്- നെയ്ത്തുകുളങ്ങര റോഡിന് സമീപം ദേശീയപാത നിർമാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടായ ഡ്രൈനേജ് സംവിധാനത്തിന്റെ തകരാർ അടിയന്തരമായി പരിഹരിക്കണമെന്ന് മനുഷ്യാവകാശ കമ്മിഷൻ ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ്.

കോഴിക്കോട് ജില്ലാ കളക്ടർ സെപ്റ്റംബർ എട്ടിന് ദേശീയപാത അഥോറിറ്റി പ്രോജക്ട് ഡയറക്ടർക്ക് നൽകിയ നിർദ്ദേശം സമയബന്ധിതമായി നടപ്പിലാക്കണമെന്നും കമ്മിഷൻ നിർദ്ദേശിച്ചു. സ്വീകരിച്ച നടപടികൾ രണ്ടാഴ്ചക്കകം സമർപ്പിക്കണമെന്ന് കമ്മിഷൻ ദേശീയപാത അഥോറിറ്റി പ്രോജക്ട് ഡയറക്ടർക്ക് നിർദ്ദേശം നൽകി. മഠത്തിൽമുക്ക്-നെയ്ത്തുകുളങ്ങര റോഡിലും പരിസരത്തും വെള്ളത്തിന്റെ സ്വാഭാവിക നീരൊഴുക്ക് തടസപ്പെട്ടതിനെ തുടർന്ന് പരാതിക്കാരനായ വി. മനോഹരന്റെ വീട്ടിലും പരിസരത്തും വെള്ളക്കെട്ട് രൂപപ്പെട്ടിരുന്നു. മഠത്തിൽമുക്ക് നെയ്ത്തുകുളങ്ങര റോഡിന് കുറുകെ ഒരു മീറ്റർ വ്യാസമുള്ള പൈപ്പ് സ്ഥാപിക്കുന്നതിന് ദേശീയപാത അഥോറിറ്റി സമ്മതിച്ചിട്ടുണ്ട്. ഇതിനുള്ള അനുമതി പൊതുമരാമത്ത് വകുപ്പ് നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കാത്തത് ഗുരുതര വീഴ്ചയാണെന്ന് ജില്ലാ കളക്ടറുടെ റിപ്പോർട്ടിൽ പറഞ്ഞു.

## കേരള കോൺഗ്രസ് മെംബർഷിപ്പ് വിതരണം

**മുക്കം:** കേരള കോൺഗ്രസ് തിരുവമ്പാടി മണ്ഡലം കൺവൻഷനും മെംബർഷിപ്പ് വിതരണവും നാളെ നടക്കും. മുക്കം ബി.പി. മൊയ്തീൻ സേവാമന്ദിറിൽ നടക്കുന്ന കൺവൻഷന്റെ ഭാഗമായി വിവിധ പരിപാടികൾ നടക്കുമെന്ന് ഭാരവാഹികൾ മുക്കത്ത് വാർത്ത സമ്മേളനത്തിൽ അറിയിച്ചു.

സർക്കാർ ചീഫ് വിപ്പ് അപു ജോൺ ജോസഫ് ചടങ്ങ് ഉദ്ഘാടനം ചെയ്യും. പാർട്ടിയിലേക്ക് വന്ന നൂറോളം പ്രവർത്തകർക്ക് അപു ജോൺ ജോസഫ് മെംബർഷിപ്പ് നൽകും. സംസ്ഥാന സ്കൂൾ കായിക മേളയിൽ സബ്ജൂനിയർ ആൺകുട്ടികളുടെ ഷട്ടിൽ ബാഡ്മിന്റൺ മത്സരത്തിൽ സ്വർണമെഡൽ നേടിയ ഹാദി ഹംദാൻ, മുക്കം പൈതൃകം കലാ സാംസ്കാരിക വേദിയുടെ നിവേദിക, ബിഗ് ബിറ്റ്സ് ഓർക്കസ്ട്ര ഡയറക്ടർ ബാബു ഖാൻ, എമർജൻസി മെഡിസിൻ (ഡിഎൻബി) ജിതിൻ ഫ്രാൻസിസ് എന്നിവർക്ക് ചടങ്ങിൽ ഉപഹാരസമർപ്പണവും നടത്തുമെന്ന് ഭാരവാഹികൾ അറിയിച്ചു. പത്രസമ്മേളനത്തിൽ കേരള കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി ടി.ജെ. റോയ്, മണ്ഡലം പ്രസിഡന്റ് ജോണി പ്ലാക്കാട്ട്, ജില്ലാ സെക്രട്ടറി ജെയിംസ് വേളാശേരി, ഇളമന ഹരിദാസ് എന്നിവർ പങ്കെടുത്തു.

## ജനങ്ങളുടെ ആരോഗ്യമാകണം ഡോക്ടർമാരുടെ പ്രഥമ പരിഗണന: മന്ത്രി

**കോടഞ്ചേരി:** ജനങ്ങളുടെ ആരോഗ്യ പ്രശ്ന പരിഹാരമാകണം ഓരോ ഡോക്ടർമാരുടെയും പ്രഥമ പരിഗണനയെന്ന് മന്ത്രി എ.പി. അനിൽ കുമാർ. മർകസ് യൂനാനി മെഡിക്കൽ കോളജ് പത്താം വാർഷികവും ആറാമത് ബിരുദ ദാന സമ്മേളനവും 'ദാഹെ ലിക്സിർ' നോളജ് സിറ്റിയിൽ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു മന്ത്രി. തൊഴിലെന്നതിനപ്പുറം വലിയ സാമൂഹിക ഉത്തരവാദിത്വമാണ് പൊതുജന ആരോഗ്യപരിചരണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ബാച്ചിലർ ഓഫ് യുനാനി മെഡിസിൻ ആൻഡ് സയൻസ് (ബിയുഎംഎസ്) പഠനം പൂർത്തീകരിച്ച 34 യുവ ഡോക്ടർമാർ ചടങ്ങിൽ സർട്ടിഫിക്കറ്റ് സ്വീകരിച്ചു. കേരളത്തിന് പുറമെ മഹാരാഷ്ട്ര, കർണാടക, ഡൽഹി തുടങ്ങിയ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള വിദ്യാർഥികളാണ് ആതുര സേവന രംഗത്തേക്ക് ഇറങ്ങിയത്.

മർകസ് യുനാനി മെഡിക്കൽ കോളജിൽ കഴിഞ്ഞ കാലങ്ങളിൽ സ്തുത്യർഹമായ സേവനമർപ്പിച്ചവരെ ചടങ്ങിൽ ആദരിച്ചു. പ്രിൻസിപ്പൽ ഡോ. യു. മുജീബ് അധ്യക്ഷത വഹിച്ചു.

നോളജ് സിറ്റി ഫൗണ്ടർ ഡോ. മുഹമ്മദ് അബ്ദുൽ ഹകീം അസ്ഹരി മുഖ്യപ്രഭാഷണം നടത്തി.



മർകസ് യൂനാനി മെഡിക്കൽ കോളജിൽ നിന്ന് ബിരുദം സ്വീകരിച്ച് പുറത്തിറങ്ങിയ യുവ ഡോക്ടർമാർ മന്ത്രി എ.പി. അനിൽ കുമാറിനൊപ്പം.

## വിദേശ മദ്യവുമായി പിടിയിൽ

**കോഴിക്കോട്:** വിൽപനയ്ക്കായി സൂക്ഷിച്ച വിദേശ മദ്യവുമായി മധ്യവയസ്കൻ പിടിയിൽ.

കുന്നമംഗലം സ്വദേശി പുളിയശേരി അശോകൻ (55) നെയാണ് മെഡിക്കൽ കോളജ് പൊലിസ് പിടികൂടിയത്. കഴിഞ്ഞദിവസം മെഡിക്കൽ കോളജ് പൊലിസ് പെട്രോളിംഗ് ഡ്യൂട്ടി ചെയ്തുവരവേ കോവൂർ ജംഗ്ഷന് സമീപം എത്തിയപ്പോൾ പൊലിസിനെ കണ്ട് പരിഭ്രമിച്ച് ഓടിപ്പോവാൻ ശ്രമിച്ച പ്രതിയെ തടഞ്ഞ് വെച്ച് പരിശോധിച്ചപ്പോഴാണ് മദ്യം കണ്ടെത്തിയത്. സബ് ഇൻസ്പെക്ടർ മുരളി, സിവിൽ പൊലിസ് ഓഫിസർ രഞ്ജു എന്നിവർ ചേർന്നാണ് പ്രതിയെ കസ്റ്റഡിയിലെടുത്തത്.

## ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കണമെന്ന്

**തിരുവമ്പാടി:** പരിസ്ഥിതിലോല മേഖല നിർണയവുമായി ബന്ധപ്പെട്ട് സർക്കാർ വ്യക്തമായ നിലപാട് സ്വീകരിക്കണമെന്നും ജനങ്ങളുടെ ആശങ്കകൾക്ക് പരിഹാരം കാണണമെന്നും ആർജെഡി ജില്ലാ പ്രസിഡന്റ് എം.കെ. ഭാസ്കരൻ ആവശ്യപ്പെട്ടു. കിസാൻ ജനത തിരുവമ്പാടി മണ്ഡലം കമ്മിറ്റി സംഘടിപ്പിച്ച ധർണ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

മണ്ഡലം പ്രസിഡന്റ് ജോർജ് പ്ലാക്കാട്ട് അധ്യക്ഷത വഹിച്ചു. ആർജെഡി സംസ്ഥാന ജനറൽ സെക്രട്ടറി വി. കുഞ്ഞാലി, ന്യൂനപക്ഷ സെൽ സംസ്ഥാന പ്രസിഡന്റ് പി.എം. തോമസ്, കിസാൻ ജനത സംസ്ഥാന ജനറൽ സെക്രട്ടറി ജോൺസൺ കുളത്തിങ്കൽ, ബ്ലോക്ക് പഞ്ചായത്ത് അംഗം ജിമ്മി ജോസ് പൈമ്പിള്ളിൽ, ജില്ലാ ജനറൽ സെക്രട്ടറി വിൽസൺ പുല്ലുവേലിൽ എന്നിവർ പ്രസംഗിച്ചു.

## വൈദ്യുതി മുടങ്ങും

- നാളെ രാവിലെ 8.30 മുതൽ വൈകുന്നേരം 5.30 വരെ ഉണ്ണികുളം സെക്ഷൻ ഉഷ സ്കൂൾ, കൈതച്ചാൽ എന്നീ ട്രാൻസ്ഫോർമർ പരിസരങ്ങളിൽ പൂർണമായും വൈദ്യുതി മുടങ്ങും.

## ഇന്നത്തെ പരിപാടി

- വെസ്റ്റ്ഹിൽ റോയൽ ബിൽഡിംഗ്: മഹാത്മ മനുഷ്യാവകാശ സംരക്ഷണ സമിതി വാർഷിക ജനറൽ ബോഡിയോഗം- രാവിലെ 10.30 ൻ
- ശ്രീദുർഗാദേവി ക്ഷേത്രം ഹാൾ: ഹാർട്ട് ട്രസ്റ്റ് ദീപാവലി കുടുംബ സംഗമവും ജനറൽ ബോഡിയോഗവും- വൈകുന്നേരം അഞ്ചിന്
- വേദക്ഷേത്രം: മഹർഷി ദയാനന്ദ സരസ്വതി അനുസ്മരണവും ദീപാവലി യജ്ഞവും-വൈകിട്ട് 4.30ന്


**SOUTH INDIAN Bank**

**റീജണൽ ഓഫീസ് ചെന്നൈ**

നം 43, ഗ്രൗണ്ട് ഫ്ലോർ, ഹബീബിയ സെന്റർ, ഹാഡോസ് റോഡ്, നുങ്കമ്പാക്കം, ചെന്നൈ, തമിഴ്നാട്, പിൻ: 600 006, ഫോൺ: 0442823 8250 / 28281109, ഇമെയിൽ: ro1005@sib.bank.in, CIN No.L65191KL1929PLC001017

**വസ്തു ഇ-ലേല വിൽപന നോട്ടീസ് [റൂൾ-8 (6) & 9(1)]**

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്സറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് നിയമം, 2002 പ്രകാരവും സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് 2002 റൂൾ 8 (6) & 9 (1) പ്രകാരവും വായ്പക്കാരെയും ജാമ്യക്കാരെയും പൊതുജനങ്ങളെയും അറിയിക്കുന്ന സ്ഥാവരവസ്തു ഇ-ലേല വിൽപന നോട്ടീസ്.

വായ്പക്കാരായ **1) ശ്രീമതി ഗ്രേസ് മരിയ കുടമറ്റത്തിൽ സിബി,** D/o സിബി ജോസഫ്, നമ്പർ: 48, 5-ാം സ്ട്രീറ്റ്, പാടി പുതു നഗർ, ചെന്നൈ, തമിഴ്നാട് - 600101, കൂടാതെ കുടമറ്റത്തിൽ ഹൗസ്, എഫ്.ഡബ്ല്യു.സി. കാർത്തികപ്പള്ളി, കുരിഞ്ഞാലിയോട്, ഏറാമല, കോഴിക്കോട്, കേരള-673542. **2) ശ്രീ സിബി ജോസഫ്,** S/o ജോസഫ്, നമ്പർ: 48, 5-ാം സ്ട്രീറ്റ്, പാടി പുതു നഗർ, ചെന്നൈ, തമിഴ്നാട് - 600101, കൂടാതെ കുടമറ്റത്തിൽ ഹൗസ്, എഫ്.ഡബ്ല്യു.സി. കാർത്തികപ്പള്ളി, കുരിഞ്ഞാലിയോട്, ഏറാമല, കോഴിക്കോട്, കേരള-673542, & നമ്പർ.406, എസ്എം ആർക്കേഡ്, രണ്ടാം ക്രോസ്, കാവേരി റോഡ്, ഉദയ നഗർ, ദുർവാണിനഗർ, കെഎ 840, കർണാടക-560016. **3) ശ്രീമതി ജെസ്സി ജോസഫ്,** W/o സിബി ജോസഫ്, നമ്പർ: 48, 5-ാം സ്ട്രീറ്റ്, പാടി പുതു നഗർ, ചെന്നൈ, തമിഴ്നാട് - 600101, കൂടാതെ കുടമറ്റത്തിൽ ഹൗസ്, എഫ്.ഡബ്ല്യു.സി. കാർത്തികപ്പള്ളി, കുരിഞ്ഞാലിയോട്, ഏറാമല, കോഴിക്കോട്, കേരള-673542.

താഴെ പറയുന്ന വസ്തുവകകൾ സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ **ചെന്നൈ അണ്ണാനഗർ ബ്രാഞ്ചിൽ** (സെക്യൂർഡ് ക്രെഡിറ്റർ) ജാമ്യവസ്തുക്കളായി നൽകിയിട്ടുള്ളതും സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ (സെക്യൂർഡ് ക്രെഡിറ്റർ) പ്രത്യക്ഷത്തിൽ കൈവശത്തിലെടുത്തിട്ടുള്ളതും സൗത്ത് ഇന്ത്യൻ ബാങ്ക് ചെന്നൈ അണ്ണാനഗർ ബ്രാഞ്ചിന് മുകളിൽ പറഞ്ഞ വായ്പക്കാരിൽ നിന്ന് 05.11.2026ന് ഈടാക്കുവാനുള്ള തുകയായ **14,17,415.69 രൂപ (പതിനാല് ലക്ഷത്തി പതിനേഴായിരത്തി നാനൂറ്റി പതിനഞ്ച് രൂപ അറുപത്തിയൊമ്പത് പൈസ മാത്രം)** കൂടാതെ പലിശയും മറ്റുചിലവുകളും സഹിതം. തിരിച്ചുപിടിക്കുന്നതിനായി വസ്തുവകകൾ ഇപ്പോൾ എവിടെയാണോ എങ്ങിനെയാണോ ഏതൊക്കെയാണോ എന്ന അടിസ്ഥാനത്തിൽ **15.12.2026**ന് ബാങ്ക് വിൽക്കുന്നതായിരിക്കും.

**സ്ഥാവര വസ്തുക്കളുടെ വിവരങ്ങൾ**

**വസ്തു ഉടമയുടെ പേര്:** ശ്രീമതി ജെസ്സി ജോസഫ്, **വസ്തുവിന്റെ വിവരണം:** കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിലെ ചക്കിട്ടപ്പാറ വില്ലേജിൽ കൂരാച്ചുണ്ട് സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത 560/2012 കാണം തീരാധാരപ്രകാരം തിയ്യതി 09.03.2012 (രജിസ്റ്റർ ചെയ്തത് 12.03.2012) ശ്രീമതി ജെസ്സി ജോസഫിന്റെ ഉടമസ്ഥതയിലുള്ള പുരോഗതിയോട് കൂടിയ മുഴുവനും ഭാഗികവുമായ നിർമ്മാണങ്ങളും മെച്ചപ്പെടുത്തലുകളും എല്ലാ അവകാശങ്ങളും അനുമതികളുമടക്കം 14.69 സെന്റ് സർവേ ചെയ്യാത്ത സ്ഥലം (ടൈറ്റിൽ ഡീഡ് പ്രകാരം അൺസർവ്വെ നം. 323/1). **അതിർത്തികൾ ടൈറ്റിൽ ഡീഡ് പ്രകാരം:** വടക്ക്: പാറത്തോട്ടത്തിൽ ബെന്നിയുടെ സ്ഥലം, കിഴക്ക്: പ്രകാശ് തോമസിന്റെ സ്ഥലം, തെക്ക്: മെയിൻ റോഡ്, പടിഞ്ഞാറ്: പ്രകാശ് തോമസിന്റെ സ്ഥലം.

| | |
|---|---|
| കരുതൽ വില | **11,02,000 രൂപ (പതിനൊന്ന് ലക്ഷത്തി രണ്ടായിരം രൂപ മാത്രം)** |
| നിരതദ്രവ്യം: | **1,10,200 രൂപ (ഒരു ലക്ഷത്തി പത്തായിരത്തി ഇരുന്നൂറ് രൂപ മാത്രം)** (EMD) 14.12.2026ന് വൈകു. 5 മണിക്കോ അല്ലെങ്കിൽ അതിന് മുമ്പായോ നിക്ഷേപിക്കാവുന്നതാണ് |
| ബിഡ് ഇൻക്രിമെന്റ് തുക: | **50,000 രൂപ (അമ്പതിനായിരം രൂപ മാത്രം)** |
| ഇ-ലേലത്തിന്റെ തിയതിയും സമയവും: | **15-12-2026**ന് രാവിലെ 10.30 മുതൽ 11.30 വരെ വിൽപ്പന അവസാനിക്കുന്നത് വരെ 5 മിനിറ്റ് പരിധിയില്ലാത്ത ദൈർഘ്യത്തോട് കൂടി. |
| ബാങ്കിന് അറിയാവുന്ന ബാധ്യതകൾ: | **ബാധ്യതകൾ ഒന്നും തന്നെ ഇല്ല** |

വിൽപ്പനയുടെ കൂടുതൽ വിവരങ്ങളും ഉപാധികളും അറിയുന്നതിന് **www.southindianbank.com** കൂടാതെ **https://bankauctions.in** നൽകിയിരിക്കുന്ന ലിങ്കുകൾ പരിശോധിക്കുക. കൂടുതൽ വിവരങ്ങൾക്കും വസ്തുവിന്റെ പരിശോധനയ്ക്കും, ലേലം വിളിക്കാൻ ഉദ്ദേശിക്കുന്നവർക്ക് സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ് **ചെന്നൈ അണ്ണാനഗർ ബ്രാഞ്ചുമായി** പ്രവൃത്തി സമയങ്ങളിൽ ബന്ധപ്പെടുക. അല്ലെങ്കിൽ **ശ്രീ നിതിൻ നിത്യ പി.പി.**യുമായി ബന്ധപ്പെടുക. മൊബൈൽ: **90483 81434**

ചെന്നൈ 06.11.2026 (ഒപ്പ്) അധികാരപ്പെടുത്തിയ ഓഫീസർ, ദി സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ്

Z2611-607319




ചക്കിട്ടപാറ - പെരുവണ്ണാമൂഴി മലയോര ഹൈവേയുടെ പിള്ളപ്പെരുവണ്ണ മുക്കിൽ ഓട്ടോറിക്ഷ അപകടത്തിൽപെട്ട നിലയിൽ.

## ഓട്ടോ മറിഞ്ഞ് രണ്ട് പേർക്ക് പരിക്ക്

**ചക്കിട്ടപാറ:** പാത അശാസ്ത്രീയമായി നിർമിച്ചതിനാൽ അപകടം തുടർക്കഥയാകുന്നു. പെരുവണ്ണാമൂഴി - ചക്കിട്ടപാറ - ചെമ്പ്ര മലയോര ഹൈവേയുടെ പിള്ളപ്പെരുവണ്ണ മുക്കിലാണ് അപകടം പതിയിരിക്കുന്നത്. ഇന്നലെ രാവിലെ ഒമ്പതരയോടെ ബാലുശേരി ഭാഗത്തു നിന്നെത്തിയ ഓട്ടോറിക്ഷ ഇവിടെ നിയന്ത്രണം വിട്ട് മറിയുകയായിരുന്നു.

രണ്ട് പേർക്ക് സാരമല്ലാത്ത പരിക്കേറ്റു. കുത്തനെ കയറ്റവും ഇറക്കവും വളവുമുള്ള ഭാഗമാണിത്. ഇവിടെ റോഡിന് വീതി കുറവാണ്. സ്ഥലം യഥേഷ്ടമുണ്ടെങ്കിലും സ്വാധീനമുള്ള സ്വകാര്യ വ്യക്തികളുടെ താൽപര്യം സംരംക്ഷിക്കാനായി വീതി കുറച്ച് പാത നിർമിക്കുകയായിരുന്നുവെന്നാണ് നാട്ടുകാരുടെ ആരോപണം.



കർഷകൻ താമരക്കാട്ട് ബാബുവിന്റെ കപ്പ കൃഷി കാട്ടുപന്നികൾ നശിപ്പിച്ച നിലയിൽ.

## കപ്പ കൃഷി നശിപ്പിച്ചു

**കൂരാച്ചുണ്ട്:** കാട്ടുപന്നി കപ്പ കൃഷി നശിപ്പിച്ചു. കൂരാച്ചുണ്ട് ടൗണിലെ പെട്രോൾ പമ്പിന് സമീപം താമസിക്കുന്ന കർഷകൻ താമരക്കാട്ട് ബാബുവിന്റെ വീടിനു സമീപത്തുള്ള കൃഷിയാണ് കഴിഞ്ഞദിവസം കാട്ടുപന്നികൾ നശിപ്പിച്ചത്.

പഞ്ചായത്തിൽ മാസങ്ങൾക്ക് മുമ്പ് കാട്ടുപന്നി വേട്ട നടത്തിയിരുന്നു. എന്നാൽ ഇപ്പോൾ കാട്ടുപന്നികളുടെ കടന്നാക്രമണം അനുദിനം വർധിച്ചുവരികയാണ്. പകൽസമയം പോലും ആൾക്കാർ പുറത്തിറങ്ങാൻ ഭയപ്പെടുകയാണ്. കാട്ടുപന്നി വേട്ട വീണ്ടും നടത്താൻ വേണ്ട അടിയന്തര നടപടി അധികൃതർ സ്വീകരിക്കണമെന്നാണ് കർഷകർ ആവശ്യപ്പെടുന്നത്.


**പഞ്ചാബ് നാഷണൽ ബാങ്ക്** punjab national bank ...the name you can BANK upon!

**പഞ്ചാബ് നാഷണൽ ബാങ്ക്, എ. ആർ. എം. ബി, എറണാകുളം**

1-ാം നില, പിഎൻബി ഹൗസ്, നം. 40/1461, മാർക്കറ്